കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

E-mail: dopkd.ksad@kerala.gov.in
www.lfa.kerala.gov.in

# തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

2017-18

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി20/868/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്
തീയതി: 26.08.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി20/868/2019 തീയതി – 26.08.2019

## പാലക്കാട് ജില്ലയില തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.08.17 മുതൽ 17.05.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.05-2019 മുതൽ 30.05-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. സുലൈമാൻ. ഐ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് ഹിഷാം.എം | ഓഡിറ്റർ |
| ശ്രീ. കന്തസ്വാമി.ഐ | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അഡ്വ:ടി.എ.പ്രസാദ് | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.കെ.കെ. ചന്ദ്രദാസ് | 1-4-2017 മുതൽ 31-3-2018 വരെ |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുനിത.പി | 1-4-2017 മുതൽ 31.07-17 വരെ |
| | ശ്രീ.സുനിൽ. കെ.പി | 1-8-17 മുതൽ 18.12.2017 വരെ |
| | ശ്രീമതി.ദിവ്യ.കെ.കെ | 19.12-17 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി. രമ. സി. | 1-4-2017 മുതൽ 18.01-2018 വരെ |
| | ശ്രീ. മധു. സി. പി. | 19.01.18 മുതൽ 31.03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.സി.എസ് | 1-4-2017മുതൽ 31-3-2018 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.പ്രവിത.കെ.ആർ | 1-4-2017 മുതൽ 02.10.2017 വരെ |
| | ശ്രീ. റഫീഖ്. ടി.ഐ.എം. (അധിക ചുമതല) | 03.10-2017മുതൽ 12.10.2017വരെ |
| | ശ്രീമതി ജമീല.പി.എം. | 13.10.2017മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ: ഖലീൽ മാജിദ് | 1.4.17 മുതൽ 31.03-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ: അനിൽ. പി . | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ:നിസമോൾ.വി.എം. | 1-4-2017 മുതൽ 31-3-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ: സിന്ധു സത്യൻ | 1-4-2017 മുതൽ 31-3-2018 വരെ |
| എച്ച്.എം | ശ്രീമതി.സാവിത്രി.കെ.വി | 1-4-2017 മുതൽ 31-3-18 വരെ |
| അസി.സെക്രട്ടറി | ശ്രീ. കെ. സാനു | 1-4-2017 മുതൽ 10.08.2017 വരെ |
| | ശ്രീ. രഘുനാഥൻ. ആർ | 11-08-2017മുതൽ 09.10.2017 വരെ |
| | ശ്രീ. ഹരി.പി. (അധിക ചുമതല) | 10.10-2017മുതൽ 12.11.2017 വരെ |
| | ശ്രീമതി. രാജേശ്വരി. ടി | 13.11-2017മുതൽ 31-3-2018 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ | 1-12 |


<u>ഭാഗം-II</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | | |

| | | |
|---|---|---|
| 1 | തൊഴിൽനികുതി | 2-1 |
| 2 | ബിൽഡിംഗ് പെർമിറ്റ് | 2-2 |
| 3 | ലൈസൻസ്- അപാകതകൾ | 2-3 |
| 4 | ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചില്ല. | 2-4 |

<u>ഭാഗം-III</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പ്രവൃത്തികളുടെ കരാർ ഒപ്പുവെക്കുന്നതിൽ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. | 3-1 |
| 2 | ഡെപ്പോസിറ്റ് വർക്കുകളുടെ തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-2 |
| 3 | പഞ്ചായത്ത് ശ്മശാനം നവീകരണം മൂന്നാം ഘട്ടം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ- തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-3 |
| 4 | സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കൽ- നിയമാനുസൃത നികുതികൾ ഈടാക്കാതെ തുക നൽകി. | 3-4 |
| 5 | പ്രേരകുമാരുടെ ഓണറേറിയം നൽകിയത് – സാക്ഷരതാ മിഷനിൽ നിന്നും തിരികെ വാങ്ങേണ്ടതാണ്. | 3-5 |
| 6 | വെള്ളക്കരം അടവാക്കിയത്- തനത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്തത്- അധിക തുക ക്രമീകരിക്കേണ്ടതാണ്. | 3-6 |
| 7 | തെരുവ് വിളക്കുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. | 3-7 |
| 8 | നെൽവിത്ത് വിതരണം പദ്ധതി- ഗുണഭോക്തൃവിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ നേരിട്ട് ചെലവഴിച്ചു. | 3-8 |
| 9 | പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-9 |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയൊ- സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 3-10 |
| 11 | സ്വയം തൊഴിലാവശ്യത്തിന് മോട്ടോർ സൈക്കിൾ- സബ്സിഡി നിരക്കിൽ അധികരിച്ച് സബ്സിഡി നൽകിയത് തിരികെ അടവാക്കേണ്ടതാണ്. | 3-11 |
| 12 | പട്ടിക ജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 3-12 |
| 13 | തൊഴിലുറപ്പ് പദ്ധതി- വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. | 3-13 |

<u>ഭാഗം-IV</u>

<u>ഓഡിറ്റ് പ്രത്യവലോകനം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| | [illegible] | |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 12 | വരവ് ചെലവ് പത്രികകൾ | അനുബന്ധം-2 |


## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

30-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08.02.18 ലെ തീരുമാനം 1 പ്രകാരം പാസാക്കിയിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-07-2018 | 04-05-2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 06/07/2018 മുതൽ 07/07/2018 | നം.കെ.എസ്.എ-പികെഡി.21/1905(82)/2018 തിയതി:29-8-2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24817977 |
| വരവ് | 67230339 |
| ആകെ | 92048316 |
| ചെലവ് | 62637033 |
| നീക്കിയിരിപ്പ് | 29411283 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 14615900 | 14615900 | 13829576 | 786324 |
| വികസനഫണ്ട് എസ്.സി.പി (എ.സി. ആർ പ്രകാരം) | 0 | 11501255 | 11501255 | 10930940 | 570315 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| (എ.സി. ആർ പ്രകാരം) | | | | | |
| മെയ്റ്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 4781450 | 4781450 | 4776971 | 4479 |
| മെയ്റ്റനൻസ് ഗ്രാന്റ് നോൺ റോഡ്<br><br>(എ.സി.ആർ പ്രകാരം) | 0 | 3503167 | 3503167 | 3145587 | 357580 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7540483 | 7540483 | 7535257 | 5226 |
| കെ.എൽ .ജി.എസ്. ഡി.പി (എ.സി.ആർ പ്രകാരം) | 0 | 3374577 | 3374577 | 3374577 | 0 |
| എം.എൻ.ആർ .ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1809 | 1205551 | 1207360 | 1193112 | 14248 |
| എം.എൻ.ആർ .ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 10722541 | 10722541 | 10722541 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ബ്ലോക്ക് പഞ്ചായത്ത് | 0 | 663744 | 663744 | 663744 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ജില്ലാ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (TSB) | 21809722 | 10369000 +2694946 | 34873668 | 10259155 | 24614513 |
| തനത് ഫണ്ട്- എസ്.ബി.ഐ | 67943 | 174524 | 242467 | 18826 | 223641 |
| തനത് ഫണ്ട്- എസ്.ബി ഐ | 0 | 261573 | 261573 | 649 | 260924 |
| തനത് ഫണ്ട്- തിരുമിറ്റക്കോട് സഹ.ബാങ്ക് | 1886884 | 9154425 | 11041309 | 7770609 | 3270700 |
| ബി ഫണ്ട് | | | | | |
| വിവാഹ ധനസഹായം | 0 | 330000 | 330000 | 330000 | 0 |
| തൊഴിൽരഹിത വേതനം | 0 | 46200 | 46200 | 46200 | 0 |
| ഉല്പാദന ബോണസ് | 0 | 700000 | 700000 | 700000 | 0 |
| ബാങ്ക്-മറ്റുള്ളവ-1 (സാക്ഷരത) | 129693 | 6485 | 136178 | 20 | 136158 |
| ബാങ്ക്-മറ്റുള്ളവ-2 (ദുരിതാശ്വാസ നിധി) | 0 | 6863 | 6863 | 20 | 6843 |
| ബാങ്ക്-മറ്റുള്ളവ-3 രാജീവ് ഗാന്ധി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 144995 | 2892 | 147887 | 147887 | 0** |
| ശുചിത്വ മിഷൻ | 115170 | 149038 | 264208 | 231808 | 32400 |

** 31.03.18 ന് അക്കൗണ്ട് ക്ലോസ് ചെയ്തു.

## 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 77605118 | 170 | 48642287 | 0 | 62 | 63 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 170 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 63% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 2 | 5479011 | 2560824 | 47.73 |
| വി.ഇ.ഒ | 17 | 15 | 8285057 | 6074387 | 73 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 5184000 | 4836300 | 93 |
| സെക്രട്ടറി | 37 | 19 | 12038618 | 5567551 | 46 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 118 | 86 | 34964094 | 21264657 | 61 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 7 | 1299798 | 981558 | 76 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 1668000 | 1130997 | 68 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 370000 | 370000 | 100 |
| എച്ച്.എം | 6 | 6 | 1042750 | 1042750 | 100 |
| അസി.സെക്രട്ടറി | 23 | 18 | 6973790 | 4513263 | 64.71 |
| ആകെ | 232 | 170 | 77605118 | 48642287 | 63 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1809 | 1205551 | 1207360 | 1193112 | 14248 |
| തൊഴിലാളികളുടെ വേതനം | 0 | 10722541 | 10722541 | 10722541 | 0 |
| ആകെ | 1809 | 11928092 | 11929901 | 11915653 | 14248 |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|---|

| | | | എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 46200 | 71 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3151900 | 261 |
| 3 | വിധവാ പെൻഷൻ | 16280800 | 1459 |
| 4 | വാർദ്ധക്യകാല പെൻഷൻ | 33278300 | 2775 |
| 5 | വികലാംഗ പെൻഷൻ | 4413100 | 371 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1866200 | 161 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.05-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 16194.00 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തൻവർഷത്തെ ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടത് അഭിമാനകരമായ നേട്ടമായി വിലയിരുത്തുന്നു.

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്..ആയതിലൂടെ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.വിവിധ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുവാൻ ഉദ്യോഗസ്ഥർ പൊതുവെ ശ്രദ്ധിച്ചിട്ടുണ്ട്. ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. വസ്തു നികുതിയിലെ ഡിമാന്റ് സഞ്ചയയുമായി പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിൽ സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

ഉപയോഗത്തിലുള്ള സോഫ്റ്റ്‌വെയറുകളിൽ വസ്തു നികുതി കണക്കാക്കുന്നതിനായി ഉപയോഗിക്കുന്ന സാംഖ്യയിൽ നിലനിൽക്കുന്ന സാങ്കേതികമായ അപാകത പരിഹരിക്കപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീസ് കണക്കാക്കുന്നത് ഫ്ലോർ ഏരിയയ്ക്ക് പകരം പ്ലിന്റ് ഏരിയയെ അടിസ്ഥാനമാക്കിയാണ്. അപാകതകൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല.

മാന്വലുകളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഭരണ സംവിധാനം മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്െറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25.04.2019 മുതൽ 26.04.2019 വരെ | 01.03.19 മുതൽ 31.03.2019 വരെ | 26.04.2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.06.2009 മുതൽ 01.07.2009 വരെ | 2004-05മുതൽ 2008-09 വരെ | 04.08.2009 |

## 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി-അപാകതകൾ

ദിവസ വേതനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ഓഫീസ് അറ്റൻഡർ തസ്തികയിൽ ദിവസ വേതനത്തിനായി സേവന അനുഷ്ഠിക്കുന്ന ശ്രീമതി.ജാസ്മിൻ എന്നവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. 2017-18 വർഷം ശ്രീമതി.ജാസ്മിൻ കൈപറ്റിയ വേതന വിവരങ്ങളും ഈടാക്കേണ്ട തൊഴിൽനികുതിയും ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കൈപറ്റിയ വേതനം | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|
| 2017- 18 1st half- | 85995/- | 750/- |
| 2017- 18 2nd half- | 71710/ | 600/- |

ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/28.05.19ന് മറുപടി ലഭിച്ചിട്ടില്ല.

## 2-2 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ

1. കെട്ടിട നിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ അതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തുനികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

2. കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137(3) പ്രകാരം സെക്രട്ടറി രാജിയാക്കൽ ഫീസ് ലഭിച്ചതിന്മേലും നിബന്ധനകൾ എന്തെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അവയുടെ പൂർത്തീകരണത്തിന്മേലും അപേക്ഷകനെ എല്ലാ ബാദ്ധ്യതകളിൽ നിന്നും വിമുക്തനാക്കിക്കൊണ്ട് നിർമ്മാണം ക്രമവൽക്കരിക്കേണ്ടതും അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അനുബന്ധം I-ലേത് പോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ നിശ്ചിത ഫോർമാറ്റ് പ്രകാരമുള്ള രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/28.05.19 ന് മറുപടിയായി ക്രമവത്ക്കരണ രജിസ്റ്റർ നിശ്ചിത ഫോർമാറ്റിൽ എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ (അർ.എ) വകപ്പ് സ.ഉ (എം.എസ് ) നമ്പർ 170 / 2016/തസ്വഭവ തിയതി 16.11.2016 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് യു/എ നമ്പറിട്ട് നികുതി ഈടാക്കുന്നതിൽ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകി വസ്തുനികുതി ഈടാക്കേണ്ടതും ഇപ്രകാരം യു.എ നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണവിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസിലാക്കുന്ന വിധം ഫോട്ടോ എടുത്ത് പഞ്ചായത്ത് അധികൃതർ ഒരു രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും ഇക്കാര്യം ബന്ധപ്പെട്ട അധികാരികൾ ഉറപ്പാക്കേണ്ടതും ആണ്. എന്നാൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/28.05.19ന് മറുപടിയായി അനധികൃത കെട്ടിടങ്ങളുടെ നിർമാണം ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അനധികൃത കെട്ടിടങ്ങളുടെ ഫോട്ടോ സഹിതമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-3 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം 392 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും 245830/- രൂപ ലൈസൻസ് ഫീ ആയി പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. അതേ സമയം 2016-17 വർഷം 359 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും 192200/- രൂപ ലൈസൻസ് ഫീയായി ഈടാക്കിയിട്ടുണ്ട്. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിലും ഈടാക്കിയ ഫീ ഇനത്തിലും 2017-18 വർഷം വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്തിന്റെ ഡി.ആന്റ്.ഓ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 18 വാർഡുകളിലെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/28.05.19ന് മറുപടിയായി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. .റേഷൻ കടക്കാരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10/28.05.19ന് മറുപടിയായി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടക്കാർക്കും കത്ത് നൽകിയിട്ടുണ്ടെന്നും ഇവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-4 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214, സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ 2017-18 വർഷം ബജറ്റ് തയ്യാറാക്കുമ്പോൾ പാലിച്ചതായി ബജറ്റ് ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല.

25.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിക്കുകയും 30.03.2017 ന് ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച ചേർക്കുകയോ, ഘടക സ്ഥാപന മേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിച്ചതിന്റെയോ, മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി സെക്രട്ടറി കൈമാറിയതിന്റെയോ, ആയത് ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും വ്യക്തമല്ല. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണമായും പാലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/28.05.19ന് മറുപടിയായി വരും വർഷങ്ങളിൽ ഈ അപാകതകൾ പരിഹരിക്കുന്നതാണെന്നും ബജറ്റ് മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 പ്രവൃത്തികളുടെ കരാർ ഒപ്പുവെക്കുന്നതിൽ കാലതാമസത്തിന് പിഴ ഈടാക്കിയതായി കാണുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികൾ ടെണ്ടർ അംഗീകരിച്ച് കരാർ ചമയ്ക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. മാത്രമല്ല പ്രസ്തുത പ്രവൃത്തികൾ കരാർകൊണ്ട കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള

തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ നമ്പർ, പേര്, ടെണ്ടർ അംഗീകരിച്ച തീയതി | കരാർ തുക/ കരാറുകാരന്റെ പേര്/ കരാർ നം./ തീയതി | ഈടാക്കേണ്ട പിഴ | അളവു പുസ്തകം | ചെലവുതുക/ ബിൽ നം. |
|---|---|---|---|---|---|
| 1 | 241/18: ചാഴിയാട്ടിരി സ്കൂൾപ്പടി റോഡ് റീ ടാറിങ്ങ് 1/22.11.17 | 300000 ഇബ്രാഹിം.കെ 71A/ 31.1.18 | 3000 | 23/17-18 | 284065 58/28.2.18 |
| 2 | 54/18-പട്ടത്ത് ഭാഗം റോഡ് ടാറിംഗ് രണ്ടാം ഘട്ടം 1/26.9.17 | 400000 ശ്രീ.ടി.പി.കുഞ്ഞു മുഹമ്മദ് 70/13.12.17 | 4000 | 41/17-18 | 398926 72/ 28.2.18 |
| | ആകെ | | 7000 | | |

കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (21/ 29.5.19 ) നല്കിയ മറുപടിയിൽ (തിയ്യതി 30.5.19 ) പ്രസ്തുത തുക ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## 3-2 ഡെപ്പോസിറ്റ് വർക്കുകളുടെ തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് പഞ്ചായത്ത് വിഹിതമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, തൃശ്ശൂരിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെയും പ്രവൃത്തി നടത്തിയതിന്റെയും വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥർ വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതികൾക്കായി പ്ലാൻ/തനത് ഫണ്ട് മുൻകൂറായി അനുവദിക്കുമ്പോൾ നിശ്ചിത സമയപരിധിക്കകം പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും വിനിയോഗ വിവരം ലഭ്യമാക്കി ചിലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രോജക്റ്റ് നമ്പരും പേരും | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, തൃശ്ശൂർ | 275/18-മതുപ്പള്ളിക്ക് വടക്ക് വശം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 59/17.1.18 | 230000 |
| 2 | ടി | 197/18-കളത്തിൽ വളപ്പിൽ കുടിവെള്ള പദ്ധതി | 6/12.7.17 | 400000 |
| 3 | ടി | 198/17-സർക്കാർ പറമ്പ് എസ്.സി. കുടിവെള്ള പദ്ധതി | 5/12.6.17 | 250000 |
| 4 | ടി | 196/16-17-അമ്പലകുളം മിനി കുടിവെള്ള പദ്ധതി | 7/12.6.18 | 600000 |
| 5 | ടി | 167/17-മുളംപാട്ടുകുളം എസ്.സി. കുടിവെള്ള പദ്ധതി | 8/12.6.18 | 400000 |

കുടിവെള്ള വിതരണ പ്രോജക്റ്റുകൾ ഏറ്റെടുത്ത് തുകകൾ മുൻകൂറായി നിർവ്വഹണ ഏജൻസിയ്ക്ക്നൽകുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് സർക്കുലർ നം.40305/ഡി.പി.1/03/ത.സ്വ.ഭ.വ, തീയതി.21-08-2003, പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്) നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 ഖണ്ഡിക 6.15(x)(സി) എന്നിവ അനുശാസിക്കുന്നുണ്ട്. കരാർ ചമയ്ക്കാതിരുന്നാൽ പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ

ഉപേക്ഷിക്കുകയോ ചെയ്താൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട ശേഷമാണോ മുൻകൂർ തുകകൾ നല്കിയത് എന്ന് പരിശോധിക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്ഥാപനവുമായി ചമച്ച കരാറുകൾ, ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എന്നിവ അടങ്ങിയ ഫയൽ ഓഡിറ്റിന് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.7/24.5.19 ) ലഭിച്ച മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## 3-3 പഞ്ചായത്ത് ശ്മശാനം നവീകരണം മൂന്നാംഘട്ടം ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ - തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം.150/18

അടങ്കൽ-5665000

ചെലവ്-1665000

ബിൽ നം.1.61/28.2.18=1000000

2.74/13.3.18=665000

പഞ്ചായത്ത് ശ്മശാനം നവീകരണം നടത്തി ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയമാക്കി ഉപയോഗയോഗ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് 1665000/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അക്കൗണ്ട് ട്രാൻസ്ഫറായി തുക നല്കിയിട്ടുണ്ട്. (A/C NO.799011400002200) പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതും ശ്മശാനത്തിന്റെ നിലവിലെ സ്ഥിതി കൂടി അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം.8/24.5.19).

## 3-4 സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ- നിയമാനുസൃത നികുതികൾ ഈടാക്കാതെ തുക നൽകി

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2), സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവു വരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടവാക്കേണ്ടതാണ്. ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാരിൽ നിന്നും 2% (വ്യക്തികൾ 1%,സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത നികുതികൾ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക നൽകിയിരിക്കുന്നത് .

എ) <u>സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ- കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ്</u>

സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രവൃത്തി ഏറ്റെടുത്ത കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട ഉടമ്പടിയിലെ (02/17-18 തീ.11.102017) ഖ. 12 പ്രകാരം ബില്ലിൽ നിന്നും ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈടാക്കേണ്ട തുകകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | ബിൽ നം തീ | ഈടാക്കേണ്ട നികുതികൾ | | |
|---|---|---|---|---|---|
| | | | ആദായ നികുതി | നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആകെ |
| 1 | 07/18 സോളാർ തെരുവു വിളക്ക് സ്ഥാപിക്കൽ | 34/18/30.03.18 തുക 467100 | 9342 | 4671 | 14013 |
| 2 | 259/18സോളാർ തെരുവു വിളക്ക് സ്ഥാപിക്കൽ - (രണ്ടാം ഘട്ടം) | 1)17/18/17.01.18 തുക 62350<br>2)18/18തീ.17.01.18-275000<br>ആകെ 337350 | 1247<br>5500 | 624<br>2750 | 1871<br>8250 |
| | ആകെ | 804450 | 16089 | 8045 | 24134 |

ബി) <u>ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ-എക്കോമേറ്റ് എനർജി സൊല്യൂഷൻ, പെരുമ്പാവൂർ</u>

ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ പ്രവൃത്തിയിൽ സോളാർ പാനൽ സപ്ലൈ, ഇൻസ്റ്റാലേഷൻ, a/c വയറിംഗ്, d/c വയറിംഗ് കമ്മീഷനിംഗ് എന്നിവ ഉൾപ്പെടുന്നു. ആയതിനാൽ പ്രവൃത്തി ഏറ്റെടുത്ത എക്കോമേറ്റ് എനർജി സൊല്യൂഷൻ,

പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ ബില്ലിൽ നിന്നും ആദായ നികുത, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കേണ്ടതാണ്. ഈടാക്കേണ്ട തുകകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | ബിൽ നം. തീ. | ഈടാക്കേണ്ട നികുതികൾ | | |
|---|---|---|---|---|---|
| | | | ആദായ നികുതി | നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആകെ |
| 1 | 242/18 ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ | 37/18/31.03.18 തുക 382613 | 7652 | 3826 | 11478 |
| 2 | ആകെ | 382613 | 7652 | 3826 | 11478 |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയക്ക് (നം.03/23.05.2019) സോളാർ തെരുവു വിളക്കുകൾ, സോളാർ പാനൽ എന്നിവ സ്ഥാപിച്ച കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ്, എക്കോമേറ്റ് എനർജി സൊല്യൂഷൻ, പെരുമ്പാവൂർ എന്നീ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ 35612 രൂപയുടെ (24134+ 11478 = 35612) ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-5 പ്രേരകുമാരുടെ ഓണറേറിയം നൽകിയത് -സാക്ഷരതാ മിഷനിൽ നിന്നും തിരികെ വാങ്ങേണ്ടതാണ്

തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരകുമാർക്ക് നൽകിയ 137944 (മുൻവർഷം ഉൾപ്പെടെ) രൂപയിൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| തൻവർഷം നൽകിയ തുക | | | | മുൻ വർഷം റീക്ലപ്പ് ചെയ്യാൻ ബാക്കിയുള്ള തുക | ആകെ | തൻവർഷം ലഭിച്ച തുക | തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| ക്രമ നം | പ്രേരക് | വൗച്ചർ നം | തുക | | | | |
| 1 | ലീല.കെ.പി | 21700047 /10.04.17 | 12000 | 113944 | 137944 | 62400 | 75544 |
| 2 | ഗീത.കെ.പി | 21700047 /10.04.17 | 12000 | | | | |
| | ആകെ | | 24000 | 113944 | 137944 | 62400 | 75544 |

ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ ബാക്കിയുള്ള 75544 രൂപ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/28.05.2019) തുക ലഭ്യമാക്കുന്നതിന് സാക്ഷരതാ മിഷന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.ന ടപടികൾ ത്വരിതപ്പെടുത്തി തുക ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 വെള്ളക്കരം അടവാക്കിയത് -തനതുഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്തത്-അധിക തുക ക്രമീകരിക്കേണ്ടതാണ്.

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയിൽ തനതുഫണ്ടിൽ നിന്നും അടവാക്കിയ തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്തതിൽ 2784 രൂപ അധികം പിൻവലിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 2/17-18 |
| അടങ്കൽ | 1289040/-(മെയിനന്റനൻസ് ഗ്രാന്റ് ) |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള 245 പൊതുടാപ്പുകളുടെ വെള്ളക്കരം

തൻവർഷത്തിൽ ആകെ അടവാക്കേണ്ട തുക 1286250 രൂപയാണ് (245*5250= 1286250) ആയത് ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 107188 രൂപ വീതം 12 തവണകളായി 1286256 രൂപ തനതു ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുക തനതുഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം.തീയതി | തുക | പിൻവലി ക്കേണ്ട തുക | അധികം പിൻവലിച്ച തുക |
|---|---|---|---|---|
| 1 | 02/18<br>തീ 30.08.17 | 535940 | | |
| 2 | 12/18<br>തീ 27.10.17 | 214376 | | |
| 3 | 25/18<br>തീ 29.01.18 | 109972 | 1286256 | 2784 |
| 4 | 30/18<br>തീ 27.02.18 | 321564 | | |
| 5 | 33/18<br>തീ 22.03.18 | 107188 | | |
| | ആകെ | 1289040 | 1286256 | 2784 |

അധികം പിൻവലിച്ച 2784 രൂപ തിരികെ അടവാക്കേണ്ടതാണ്. വെള്ളക്കരം തനതു ഫണ്ടിൽ നിന്നും അടവാക്കിയതിനേക്കാൾ കൂടുതൽ തുക റീ ക്ലപ്പ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 09/25.05.2019) അധികം പിൻവലിച്ച 2784 രൂപ ROPയായി ട്രഷറിയിൽ തിരികെ അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ അടവാക്കുന്നതുവരെ 2784 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-7 തെരുവ് വിളക്കുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കൾക്ക് മീററിംഗ് സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കൾക്കുള്ള വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തില്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. തൻവർഷം വൈദ്യുതി ചാർജിനത്തിൽ ₹ 471469- കെ.എസ് ഇ ബിയിൽ അടവാക്കിയിട്ടുണ്ട്.

18.04.2017 മുതൽ വൈദ്യുത ചാർജ് അടവാക്കിവരുന്ന മീറ്ററിംഗ് അല്ലാത്ത തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

1) <u>കൺസ്യൂമർ നമ്പർ 1157176005454-കെ.എസ് ഇ ബി ദേശമംഗലം സെക്ഷൻ</u>

| ക്രമ നം. | തരം | എണ്ണം | നിരക്ക് (പ്രതിമാസം) | ആകെ ചാർജ്ജ് |
|---|---|---|---|---|
| 1 | സോഡിയം വേപ്പർ ലാമ്പ് (1*250 Watts) | 3 | 447 | 1341 |
| 2 | സി.എഫ്.എൽ (2*11Watts) | 3 | 32 | 96 |
| 3 | ഓർഡിനറി ബൾബ് -40 Watts) | 13 | 66 | 858 |
| 4 | ഫ്ലൂറസെന്റ് ട്യൂബ് (2*40 Watts) | 3 | 134 | 402 |
| | ആകെ | 22 | 679 | 2697 |

2) <u>കൺസ്യൂമർ നമ്പർ 1167910007071-കെ.എസ് ഇ ബി കൂട്ടുപാത സെക്ഷൻ</u>

| ക്രമ നം. | തരം | എണ്ണം | നിരക്ക് (പ്രതിമാസം) | ആകെ ചാർജ്ജ് |
|---|---|---|---|---|
| 1 | സോഡിയം വേപ്പർ ലാമ്പ് (1*250 Watts) | 36 | 447 | 16092 |
| 2 | സി.എഫ്.എൽ | 429 | 32 | 13728 |

| | | | | |
|---|---|---|---|---|
| | (2*11Watts) | | | |
| 3 | ഓർഡിനറി ബൾബ് -40 Watts) | 172 | 66 | 11352 |
| 4 | ഫ്ലൂറസെന്റ് ട്യൂബ് (2*40 Watts) | 65 | 134 | 8710 |
| | ആകെ | 702 | 679 | 49882 |

തെരുവ് വിളക്കുകൾക്കായി അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദവിവരങ്ങൾ അടങ്ങുന്ന മേൽ പട്ടികയിൽ നിന്നും സോഡിയം വേപ്പർ ലാമ്പിനാണ് കൂടുതൽ ചെലവ് വരുന്നതെന്ന് മനസ്സിലാക്കാവുന്നതാണ് (പ്രതിവർഷം ₹ 17433*12=209196/-). ആയതിന് പകരം താരതമ്യേന വൈദ്യുതി ഉപഭോഗം കുറഞ്ഞതും, ഈട് നിൽക്കുന്നതുമായ വിളക്കുകൾ ഉപയോഗിക്കുകയാണെങ്കിൽ അടവാക്കുന്ന വൈദ്യുതി ചാർജ്ജിൽ നല്ലൊരു ശതമാനം കുറവ് കൈവരിക്കുവാൻ സാധിക്കുന്നതാണ്. മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കുകയാണെങ്കിൽ ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യതയും/ സുതാര്യതയും കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ KSEB-യുമായി സംയുക്ത പരിശോധന നടത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം/നിരക്ക് എന്നിവ നിർണ്ണയിച്ച് ഓരോ മീറ്റർ പേയിന്റിനും ഒരു കൺസ്യൂമർ നമ്പർ വീതം അനുവദിക്കുവാനുള്ള നടപടികളും കൂടി സ്വീകരിക്കാവുന്നതാണ്. 2017-18 വർഷത്തിൽ തെരുവു വിളക്ക് സ്ഥാപിക്കൽ (111/17-18) എന്ന പ്രൊജക്ടിന്റെ ഭാഗമായി 181 എൽ ഇ ഡി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് ഉൾപ്പെടുത്തി വൈദ്യുതി ചാർജ്ജ് കുറവാക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയക്ക് (നം. 04/24.05.2019) സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, മീറ്ററിംഗ് സംവിധാനത്തിന് വലിയ തുക ആവശ്യമായി വരുന്നതിനാൽ ഘട്ടം ഘട്ടമായി തെരുവുവിളക്കുകൾ മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 2017-18 വർഷത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് പ്രൊജക്ട് നം 256/18 പ്രകാരം 1194441/- രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മീറ്ററിംഗ് സംവിധാനം ആക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്കു മാത്രം വൈദ്യുതി ചാർജ്ജ് അടവാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 നെൽവിത്ത് വിതണം പദ്ധതി-ഗുണഭോക്തൃവിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ നേരിട്ട് ചെലവഴിച്ചു

പ്രോജക്ട് -77/18- നെൽവിത്ത് വിതരണം 2017-18

നിർവഹണോദ്യോഗസ്ഥൻ-കൃഷി ഓഫീസർ

ചെലവ്- 869380 (വികസന ഫണ്ട്-ജനറൽ)

153420 ഗുണഭോക്തൃവിഹിതം

ട്രഷറി ബിൽ നമ്പർ .1/18 തി.23.1.2018

നെൽവിത്ത് വിതരണം പദ്ധതി 2017-18 പ്രകാരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നും കിലോയ്ക്ക് 40 രൂപ എന്ന നിരക്കിൽ 25570 കിലോ ഗ്രാം നെൽവിത്ത് വാങ്ങി ഗ്രാമ പഞ്ചായത്തിലെ 6 പാടശേഖരസമിതികളിലെ കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. കിലോയ്ക്ക് 34 രൂപ എന്ന നിരക്കിൽ വികസനഫണ്ടിൽ നിന്നും ആകെ 869380 രൂപ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കിലോയ്ക്ക് 6 രൂപ എന്ന നിരക്കിൽ ഗുണഭോക്തൃവിഹിതം 153420 രൂപ ടി.ആർ 5-ലൂടെ പിരിച്ചെടുത്ത് സീഡ് അതോറിറ്റിക്ക് നൽകിയിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്തിന്റെ രസീതി വഴി അല്ലാത്തതിനാൽ പിരിച്ചെടുത്ത 153420 രൂപ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ തന്നെ പ്രസ്തുത ചെലവ് ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/29.05.2019) പഞ്ചായത്തിന്റെ രസീതി ബുക്ക് വാങ്ങുവാൻ വിട്ട് പോയതാണ് എന്നും പഞ്ചായത്തിന്റെ രസീതി ബുക്കിന്റെ അഭാവത്തിലാണ് TR5 രസീതി വഴി ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന KSSDA ക്ക് നൽകിയത് എന്നും 2018-19 വർഷത്തിൽ ഈ കുറവ് പരിഹരിച്ചാണ് നിർവഹണം പൂർത്തിയാക്കിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പ്രത്യേക കന്നുകുട്ടിപരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് -31/18 പ്രത്യേക കന്നുകുട്ടി പരിപാലനം

ചെലവ് -156250 (വികസന ഫണ്ട്-ജനറൽ)

ട്രഷറിബിൽ നമ്പർ 3/18 തി.29.11.2017

നിർവഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

മേൽ പ്രോജക്ട് പ്രകാരം ആകെ 25 ഗുണഭോക്താക്കൾക്ക് 6250 എന്ന നിരക്കിൽ ആകെ 156250 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അസിസ്റ്റന്റ് ഡയക്ടർ (സി.എഫ്.സി.പി) പാലക്കാടിന്റെ സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 മെഡിക്കൽ ഓഫീസർ ഹോമിയോ- സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | Purchase of Diabetic testing devices, stripes and accessories |
| അടങ്കൽ | 20000/- |
| ചിലവ് | 20000/- |
| നിർവഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ബിൽ നമ്പർ | 03/17-18 Dated 10.01.2018, 20000/- |

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവഹണ ഉദ്യോഗസ്ഥനായി Purchase of Diabetic testing devices, stripes and accessories എന്ന പദ്ധതിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സെൻട്രൽ സർജിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇവരുടെ അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം 20,000/- രൂപ ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെയോ, മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ യോ വിവരങ്ങൾ ഒന്നും ലഭ്യമല്ല. മരുന്നുകൾ ലഭ്യമാകുന്നതിന് മുമ്പ് തുക കൈമാറിയതിന് വിശദീകരണം നൽകേണ്ടതും മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/27.05.2019) മറുപടിയൊന്നും ലഭിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചിലവഴിച്ച 20,000/- രൂപ തടസപ്പെടുത്തുന്നു.

## 3-11 സ്വയം തൊഴിലാവശ്യത്തിന് മോട്ടോർ സൈക്കിൾ -സബ്സിഡി നിരക്കിൽ അധികരിച്ച് സബ്സിഡി നൽകിയത് തിരികെ അടവാക്കേണ്ടതാണ്

പ്രോജക്ട് -39/18 സ്വയം തൊഴിലാവശ്യത്തിന് മോട്ടോർ സൈക്കിൾ / സ്കൂട്ടർ സബ്സിഡി
നിർവ്വഹണം-അസി.സെക്രട്ടറി

ചെലവ്-90,000 (വികസന ഫണ്ട്-SCP)

ട്രഷറി ബിൽ നമ്പർ 29/18 തി.28.3.2018 - 60,000

ട്രഷറി ബിൽ നമ്പർ 30/18 തി.28.3.2018 - 30,000

മേൽ പ്രോജക്ടിലുൾപ്പെടുത്തി 3 ഗുണഭോക്താക്കൾക്ക് 30,000 രൂപ വീതം ആകെ 90,000 രൂപ സ്വയം തൊഴിലാവശ്യത്തിന് മോട്ടോർ സൈക്കിൾ സബ്സിഡിയായി ഗുണഭോക്താക്കൾവാഹനം വാങ്ങിയ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. സ.ഉ (എം.എസ്) നം. 80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.7.5 പ്രകാരം അനുവദിക്കാവുന്ന ധനസഹായം വാഹന വിലയുടെ $33^{1}/3\%$ മാത്രമാണ് (പരമാവധി 30,000 രൂപ). സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക സബ്സിഡിയായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | വാഹനം | വാങ്ങിയ സ്ഥാപനം | കൈ മാറിയ അക്കൗണ്ട് നമ്പർ | ഇൻ വോ യിസ് പ്രകാരം വില | നൽ കാ വുന്ന സബ് സിഡി | നൽകി യത് | അ ധികം |
|---|---|---|---|---|---|---|---|
| പ്രിയ.എ.എസ് പഴവറപടി, തിരു മിറ്റക്കോട് | ഹീറോ മാസ്റ്ററോ | കല്യാൻ മോ ബൈക്ക്സ്, തൃശ്ശൂർ | 0084083 000004078 | 64243 | 21414 | 30000 | 8586 |
| അനിൽകുമാർ, കളത്തിൽ പടി, നെല്ലി ക്കാട്ടിരി. പി.ഒ | ടി.വി.എസ്. ജൂപിറ്റർ | ന്യൂ സുപ്രീം മോട്ടോർസ്, പട്ടാമ്പി | 14125500 000632 | 63552 | 21184 | 30000 | 8816 |
| സുജീഷ്.പി | ഹോണ്ട ഗ്രാസിയ | ഗനി മോട്ടോർസ് | 026205000 | 63513 | 21171 | 30000 | 8829 |

| | | | | | | | |
|---|---|---|---|---|---|---|---|
| പട്ടണത്ത്, ചാത്തന്നൂർ | | പാലക്കാട് | 241 | | | | |
| | | | | ആകെ അധികം നൽകിയത് | | | 26231 |

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക സബ്സിഡിയായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/30.5.2019) നിർവഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല. അധികം നൽകിയ സബ്സിഡി തുക ഗുണഭോക്താക്കളിൽ നിന്നോ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്.

## 3-12 പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം |
| പ്രോജക്ട് നമ്പർ | 80/18 |
| അടങ്കൽ/ ചെലവ് | വികസന ഫണ്ട് എസ്.സി. പി-1125000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ | 7/18തിയതി12.01.18-4,50,000<br>8/18 തിയതി 29.01.18-5,25000<br>10/18 തിയതി 29.01.18-1,50000 |

സ.ഉ (എം.എസ്) നം. 80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വരുമാന പരിധി 200000 രൂപയ്ക്ക് വിധേയമായി 75000 രൂപ ധനസഹായം നൽകാവുന്നതാണ്. 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾക്ക് ഉത്തരവ് നിലവിൽ വന്ന 03.04.2017മുതലാണ് പ്രാബല്യമുള്ളത്.

എന്നാൽ മേൽ പ്രോജക്ടിലുൾപ്പെടുത്തി 2016 വർഷത്തിൽ വിവാഹിതയായ ഗുണഭോക്താവിനായി 75000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവിന് 2015-16 ലോ 2016-17 ലോ അന്നത്തെ നിരക്കിലുള്ള ധനസഹായം 50,000രൂപ നൽകാതെ 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം 75000 രൂപ നൽകിയത് ക്രമപ്രകാരമല്ല.

ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | വിവാഹം നടന്നത് | കൈപ്പറ്റിയ തുക | അക്കൗണ്ട് നം |
|---|---|---|---|---|
| 1 | അയ്യപ്പൻ, അത്താണിപറമ്പിൽ, നെല്ലിക്കാട്ടിരി.പി.ഒ, കുറ്റനാട് (മകൾ ജയശ്രീ)<br>വാർഡ് 18 | 03.12.2012 (സർട്ടീഫിക്കറ്റ് നം. 901/2017 തീ.3.4.17 തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് | 75000 | 4351001700002829 |

സബ്സിഡി മാർഗരേഖ പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ, 180 ദിവസത്തിനകമോ അപേക്ഷ നൽകാമെങ്കിലും ഫയലിൽ സൂക്ഷിച്ച അപേക്ഷയുടെ തിയതി 20.11.2017ആണ്. ഗുണഭോക്താവിന്റെ മാപ്പപേക്ഷയോ ഭരണസമിതി തീരുമാനമോ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. ഗുണഭോക്താവ് സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയെല്ലാം തന്നെ 2017 വർഷത്തിലേത് തന്നെയാണ്.

സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.3ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/29.05.2019) നിർവഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല. അധികം നൽകിയ സബ്സിഡി തുക 25000/- രൂപ ഗുണഭോക്താക്കളിൽ നിന്നോ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-13 തൊഴിലുറപ്പ് പദ്ധതി - വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ

ശ്രമിക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുക്കാവുന്ന വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുകയും അവ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. തൻ വർഷം ഏറ്റെടുത്തു നടത്തിയ ശ്രദ്ധേയമായ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | എണ്ണം | മനുഷ്യ ദിനം | തുക |
|---|---|---|---|---|
| 1 | കയ്യാല അതിർത്തി തിരിക്കൽ | 15 | 550 | 144650 |
| 3 | കിണർ നിർമ്മാണം | 18 | 3212 | 844685 |
| 3 | തോടുകളുടെ ആഴം കൂട്ടി ഭിത്തി സംരക്ഷണം | 30 | 21628 | 5688164 |
| 4 | റോഡ് സൈഡിൽ വനവൽക്കരണം | 18 | 4061 | 1068043 |
| 5 | തരിശുഭൂമി വികസനം (ലേബർ ഗ്രൂപ്പ്) | 52 | 12185 | 3204655 |
| | ആകെ | 133 | 41636 | 10950197 |

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയതും പഞ്ചായത്തിന് അനുയോജ്യമായതുമായ ജല സുരക്ഷ-സമ്പൂർണ്ണ കിണർ റീ ചാർജ്ജ്, കുളം നിർമ്മാണവും നവീകരണവും തുടങ്ങിയ പ്രവൃത്തികളിലൂടെ വിവിധ ജലസ്രോതസ്സുകളുടെ നവീകരണവും നിർമ്മാണവും ഏറ്റെടുത്തു നടപ്പാക്കിയിരുന്നെങ്കിൽ മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ പഞ്ചായത്തിന് കഴിയുമായിരുന്നു. കുളം നിർമ്മാണവും നവീകരണവും, ചെക്ക് ഡാം നിർമ്മാണം, മൺ തടയണകൾ, സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതികൾ തുടങ്ങിയ മറ്റു പദ്ധതികൾ കൂടി കണ്ടെത്തി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 563744 | സമൃദ്ധി ഉഴവ് കൂലി | 563744 | 0 |
| | 2017-18 | 100000 | പാൽ സബ്സിഡി | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 168/18 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 18/ 26.10.17 | 60600 | 60600 | 0 |
| | 256/18 സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ (പെരിങ്ങോട് സെക്ഷൻ) | 1) 19/17.01.18 -706308<br>2)20/17.01.18-198133<br>3)21/17.01.18 -290000 | 1194441 | 1194441 | 0 |

| | | | | | |
|---|---|---|---|---|---|
| | | ആകെ 1194441 | | | |
| | 245/18 വയോജന കേന്ദ്രത്തിലേക്ക് ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | ചെക്ക് നം.1794053 തീ. 26.02.18 | 96298 | 96298 | 0 |
| കേരള വാട്ടർ അതോറിറ്റി | 275/18-മതുപ്പള്ളിക്ക് വടക്ക് വശം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 59/17.1.18 | 230000 | 0 | 230000 |
| | 197/18-കളത്തിൽ വളപ്പിൽ കുടിവെള്ള പദ്ധതി | 6/12.7.17 | 400000 | 0 | 400000 |
| | 198/17-സർക്കാർ പറമ്പ് എസ്.സി. കുടിവെള്ള പദ്ധതി | 5/12.6.17 | 250000 | 0 | 250000 |
| | 196/16-17-അമ്പലകുളം മിനി കുടിവെള്ള പദ്ധതി | 7/12.6.18 | 600000 | 0 | 600000 |
| | 167/17-മുളംപാട്ടുകുളം എസ്.സി. കുടിവെള്ള പദ്ധതി | 8/12.6.18 | 400000 | 0 | 400000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26505രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 2500 | PNB കുറുകപുത്തൂർ | 11701050008 /13.10.17 |
| 2016-17 | 3-1 | 11946 | പ്രവിത അസി. എഞ്ചിനീയർ | 5/11333/10.11.17 |
| 2013-14,2014-15 | 3-1 | 9054 | ചാന്ദിനി അസി. എഞ്ചിനീയർ | 117010103489 /4.10.17 |
| 2013-14,2014-15 | 3-5 | 2705 | സെയ്തലവി കോൺട്രാക്ടർ | 117010104610 /28.11.17 |
| | | | | |

| | ആകെ | 26205 | | |
|---|---|---|---|---|

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 3-17 | 2015-16 | 5-2-1 ബി | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സൂക്ഷിപ്പിലുണ്ടായ വീഴ്ച | നടപടികൾ തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹92048316 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹62637033 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹58231 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹58396 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1350 | | കെ.കെ.ചന്ദ്രദാസ്, സെക്രട്ടറി |
| 3-1 | | 7000 (Fine) | പ്രവിദ.കെ.ആർ, അസി.എഞ്ചിനീയർ |
| 3-11 | | 26231 | രാജേശ്വരി.ടി, അസി.സെക്രട്ടറി |
| 3-12 | | 25000 | രാജേശ്വരി.ടി, അസി.സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 35612 | കെ.കെ.ചന്ദ്രദാസ്, സെക്രട്ടറി |
| 3-6 | 2784 | കെ.കെ.ചന്ദ്രദാസ്, സെക്രട്ടറി |
| 3-10 | 20000 | ഡോ.നിസാ മോൾ.വി.എം, മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | 58396 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | ആകെ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 3-4 | 23741 | 11871 | 35612 |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ചന്ദ്രദാസ്, സെക്രട്ടറി | സെക്രട്ടറി തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് | കോട്ടയിൽ ഹൗസ് ആലൂർ പി ഓ പാലക്കാട് ജില്ല |
| രാജേശ്വരി.ടി, എ.ഇ | അസി.എഞ്ചിനിയർ നീണ്ടക്കര ഗ്രാമപഞ്ചായത്ത് | എെശ്വര്യ വിഹാർ കോട്ടക്കകം, കാളികാവ്, പെരിനാട് (പി.ഒ) കൊല്ലം |
| പ്രവിദ.കെ.ആർ, അസി.എഞ്ചീനീയർ | അസി.എഞ്ചീനീയർ മാടക്കത്തറ ഗ്രാമപഞ്ചായത്ത് | കൊട്ടേക്കാട് ഹൗസ്, കുറ്റൂർ പി.ഒ തൃശ്ശൂർ-680013 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി 20/541 തീ.12.04.12 | 3 |
| 1997-98 | നം.എൽ.എഫ്.പി 20/42/2000 തീ.11.3.04 | 10 |
| 1998-99 | നം.എൽ.എഫ്.പി 11/818/04 തീ.28.12.07 | 15 |
| 1999-00 | നം.എൽ.എഫ്.പി 20/785/10 തീ.15.06.11 | 12 |
| 2000-01 | നം.എൽ.എഫ്.പി 20/786 തീ.16-06-11 | 3 |
| 2001-02 | നം.എൽ.എഫ്.പി 20/788 തീ.25-06.11 | 6 |
| 2002-03 | നം.എൽ.എഫ്.പി 20/667 തീ.26.11.11 | 3 |
| 2003-04 | നം.എൽ.എഫ്.പി 20/667(a)/11 തീ.26.11.11 | 5 |
| 2004-05 | നം.എൽ.എഫ്.പി 20/668/11 തീ.26.11.11 | 3 |
| 2005-06 | നം.എൽ.എഫ്.പി 20/670 തീ.26.11.11 | 1 |
| 2006-07 | നം.എൽ.എഫ്.പി 20/874/12 തീ.21.05.12 | 4 |
| 2007-08 | നം.എൽ.എഫ്.പി 20/848(2) തീ.12.7.12 | 8 |
| 2008-09 | നം.എൽ.എഫ്.പി 20/849 തീ.21.5.12 | 7 |
| 2009-10 | നം.എൽ.എഫ്.പി 20/850 തീ.21.5.12 | 10 |
| 2010-11 | നം.എൽ.എഫ്.പി 20/2178 തീ.30.8.14 | 15 |
| 2011-12 | നം.എൽ.എഫ്.പി P20/1801 തീ.12.12.14 | 14 |
| 2012-13 | നം.എൽ.എഫ്.പി 20/511/15 തീ.10.08.2015 | 21 |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി 20/363/ 2016 തീ. 28.06.2016 | 22 |
| 2015-16 | നം.കെ.എസ്.എ.-പി.കെ.ഡി 20/2039/ 2016 dt.21-12-2016 | 6 |
| 2016-17 | നം.കെ.എസ്.എ-പികെഡി 20/1643/2018 തീ. 08.10.2018 | 11 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വസ്തുനികുതി- കുടിശ്ശിക - സഞ്ചയ പ്രകാരമുള്ള ഡിമാന്റ്- കളക്ഷൻ - ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.
4. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം- 2

## വിവിധ പത്രികകൾ

| Thirumittakode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4825733.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 600.00 |
| 140000000 | Fee & User Charges | I-4(b) | 815124.00 |
| 150000000 | Sale & Hire Charges | I-5(b) | 162225.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 116276359.00 |
| 171000000 | Interest Earned | I-8 | 77187.00 |
| 180000000 | Other Income | I-9 | 21300.00 |
| | Total Income | | 122178528.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9069542.00 |
| 220000000 | Administrative Expenses | I-11(b) | 1335497.00 |
| 230000000 | Operations & Maintenance | I-12(b) | 1057919.00 |
| 240000000 | Interest & Finance Charges | I-13 | 30535.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7711786.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 26414348.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3171887.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1449040.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 60511631.00 |
| 255000000 | Maintenance Projects | I-14(e) | 5960631.00 |
| 270000000 | Provisions and Write off | I-16 | 120000.00 |
| | Total Expenditure | | 116832816.00 |
| | Gross Surplus/ Deficit of income over Expenditure | | 5345712.00 |
| 280000000 | Prior Period Item | I-18 | 355127.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4990585.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Thirumittakode Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24651948.00 |
| Cash | Cash | RP-40(a) | 166029.00 |
| | Operating | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 904220.00 |
| 140000000 | Fees & User Charges | RP-4 | 569294.00 |
| 150000000 | Sale & Hire Charges | RP-5 | 162225.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55142618.00 |
| 171000000 | Interest Earned | RP-9 | 77187.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3218054.00 |
| 350000000 | Other Liabilities | RP-36 | 184930.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 21300.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 6700.00 |
| 340000000 | Deposits Received | RP-34 | 556351.00 |
| 341000000 | Deposit Works | RP-35 | 261492.00 |
| 350000000 | Other Liabilities | RP-36 | 307626.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5809342.00 |
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | Grand total | | 92048316.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3408420.00 |
| 220000000 | Administrative Expenses | RP-12 | 1336108.00 |
| 230000000 | Operations & Maintenance | RP-13 | 1057919.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4994599.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17770799.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3171887.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1449040.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1521331.00 |
| 255000000 | Maintenance Projects | RP-20 | 5960631.00 |
| 280000000 | Prior Period item | RP-26 | -30030.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 231000.00 |
| 350000000 | Other Liabilities | RP-36 | 4039701.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 30535.00 |
| 280000000 | Prior Period Item | RP-26 | -11620.00 |
| 340000000 | Deposits Received | RP-34 | 241875.00 |
| 350000000 | Other Liabilities | RP-36 | 1788389.00 |
| 410000000 | Fixed Assets | RP-38 | 8279155.00 |
| 412000000 | Capital work in Progress | RP-40 | 6602044.00 |
| 460000000 | Loans, Advances and Deposits | RP-47 | 795250.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 29159888.00 |
| Cash | Cash | RP-40(b) | 251395.00 |
| | Grand Total | | 92048316.00 |

Thirumittakode Grama Panchayat BALANCE SHEET

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 25535285.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 31700.00 |
| 312000000 | Reserves | B-3 | 51898633.00 |
| | Total Reserve & Surplus | | 77465618.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 421354.00 |
| | Total Grants, Contributions for Specific Purposes | | 421354.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 805767.00 |
| 341000000 | Deposits Works | B-8 | 261492.00 |
| 350000000 | Other Liabilities | B-9 | 1152008.70 |
| | Total Current Liabilities and Provisions | | 2219267.70 |
| | TOTAL LIABILITIES | | 80106240.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 49958827.00 |
| 411000000 | Accumulated Depreciation | B-11 | -1746512.00 |
| 412000000 | Capital Work in Progress | B-11(a) | 1940143.00 |
| | Total Fixed Assets | | 50152458.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 633714.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -170000.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| | | | |
| 450000000 | Cash and Bank Balance | B-17 | 29411283.00 |
| 460000000 | Loand, Advances and Deposits | B-18 | 78785.00 |
| | Total Current Assets, Loans and Advances | | -170000.00 |
| | Total Current Assets, Loans and Advances | | 30123782.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 80106240.00 |

ഡെപ്യൂട്ടി ഡയറക്ടർ